അദ്ദേഹം മാധ്യമപത്രം പൊക്കിപ്പിടിച്ച് എന്തൊക്കെയോ പറഞ്ഞു. എന്റെ കയ്യിലും മാധ്യമം ഉണ്ട്. അത് ഞാൻ വായിക്കാം. 'അര മണിക്കൂറിലധികം സിറ്റി പോലീസ് കമ്മീഷണർ ഓഫീസ് പരിസരത്ത് സംഘർഷാവസ്ഥ നിലനിന്നു. കമ്മീഷണറാഫീസിൽ കല്ലെറിഞ്ഞ വിദ്യാർത്ഥികളെ തുരത്താൻ പോലീസ് ലാത്തി വീശി. പോലീസ് നടപടിക്കിടെ റോഡിൽ വീണ എസ്. എഫ്. ഐ. ജില്ലാ സെക്രട്ടറിക്കു പരിക്കേറ്റു. ഏതാനും വിദ്യാർത്ഥികൾക്ക് ലാത്തിയടി കൊണ്ടു. പോലീസ് പരമാവധി സംയമനം പാലിച്ചതിനാൽ കൂടുതൽ അനിഷ്ട സംഭവങ്ങൾ ഒഴിവായി'. ഇതാണ് നിങ്ങൾ പൊക്കിപ്പിടിച്ച 'മാധ്യമം' എഴുതിയിരിക്കുന്നത്. എങ്ങനെ എസ്. എഫ്. ഐ. സെക്രട്ടറിക്ക് പരിക്കേറ്റുവെന്ന് അവർ എഴുതിയിട്ടുണ്ട്. മാധ്യമം ദിവസേന എന്താണ് എഴുതുന്നതെന്ന് അറിയില്ലേ? ..... പരമാവധി പോലീസ് സംയമനം ..... (ബഹളം).....'മാധ്യമം' പോലും പോലീസ് പരമാവധി സംയമനം പാലിച്ചു എന്നാണ് എഴുതിയിരിക്കുന്നത്. അതുകൊണ്ട് സഭാ നടപടികൾ നിർത്തിവെച്ച് ചർച്ച ചെയ്യേണ്ട ഒരു സാഹചര്യവുമുണ്ടായിട്ടില്ല. ഇവിടെ സമാധാനപരമായ അന്തരീക്ഷമാണുള്ളത്, വേറെ ഒരു കാര്യവുമില്ല എന്നാണ് പറയാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

IV ശ്രദ്ധക്ഷണിക്കൽ

(1) കർഷകത്തൊഴിലാളി പെൻഷൻ വർദ്ധിപ്പിക്കുന്നതിനും ആനുകൂല്യങ്ങൾ കുടുശ്ശികയടക്കം വിതരണം ചെയ്യുന്നതിനും നടപടി

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഏകദേശം 21 ലക്ഷത്തിലധികം വരുന്ന കേരളത്തിലെ കർഷകത്തൊഴിലാളികളുടെ പ്രയാസം ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിനുവേണ്ടിയാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിക്കുന്നത്. കേരളത്തിൽ ഏകദേശം 21 ലക്ഷത്തിലധികം കർഷകത്തൊഴിലാളികളുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. ആ കർഷകത്തൊഴിലാളികൾ ഇന്ന് വളരെയധികം പ്രയാസങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. കർഷകത്തൊഴിലാളികൾക്കുവേണ്ടി ഒട്ടേറെനിയമനിർമ്മാണങ്ങൾ നടപ്പിലാക്കിയ സംസ്ഥാനമാണ് നമ്മുടേത്. കർഷക തൊഴിലാളികളുടെ ജീവിതം മെച്ചപ്പെടുത്താൻവേണ്ടി അവർക്ക് കർഷകത്തൊഴിലാളി പെൻഷൻ, ക്ഷേമനിധി അതുപോലുള്ള ആനുകൂല്യങ്ങളെല്ലാം കൊടുത്ത സംസ്ഥാനമാണ് നമ്മുടേത്. എന്നാൽ ഇന്ന് ഈ ആനുകൂല്യങ്ങളൊന്നുംതന്നെ ലഭിക്കാതെ കർഷകത്തൊഴിലാളികൾ വലിയ പ്രയാസം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഏകദേശം 27 മാസത്തെ കർഷകത്തൊഴിലാളി പെൻഷൻ ഇപ്പോൾ കുടുശ്ശികയാണ്. കർഷകത്തൊഴിലാളി പെൻഷൻ കുടുശ്ശിക തീർത്തുകൊടുക്കാമെന്ന് കഴിഞ്ഞ മേയ് മാസത്തിൽ കർഷകത്തൊഴിലാളി സമരത്തിന്റെ ഭാഗമായി നടന്ന

LIBRARY ARCHIVES Kerala Legislative Assembly

ഒത്തുതീർപ്പിൽ ബഹുമാന്യനായ മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും തൊഴിൽ വകുപ്പുമന്ത്രിയുമെല്ലാം ഉറപ്പുനൽകിയതാണ്. അന്ന് ഉറപ്പുനൽകുമ്പോൾ പറഞ്ഞത് ആറുമാസത്തെ പെൻഷൻ ഉടൻതന്നെ കൊടുക്കും, അവശേഷിക്കുന്ന പെൻഷൻ വളരെ പെട്ടെന്നുതന്നെ കൊടുത്തുതീർക്കുമെന്നാണ്. പക്ഷെ കൊടുത്തുതീർത്തില്ല എന്നു മാത്രമല്ല പിന്നെയും കുടിശ്ശിക വർദ്ധിക്കുകയാണ് ചെയ്തത്. ഇപ്പോൾ ഏകദേശം 27 മാസത്തേത് കുടിശ്ശികയായി. ഏകദേശം ഒരു മാസം 6,81,67,500 രൂപയോളം കർഷകത്തൊഴിലാളി പെൻഷൻ കൊടുക്കാൻ വേണം. അങ്ങനെയാണെങ്കിൽ 27 മാസക്കാലത്തേത് ഏകദേശം 180 കോടിയിൽപ്പരം രൂപ കുടിശ്ശികയാണ്. അത് കൊടുത്തുതീർക്കാൻവേണ്ട യാതൊരു നടപടിയും ഗവൺമെന്റ് സ്വീകരിക്കുന്നില്ല. പെൻഷൻ കൊടുക്കാനുള്ള അധികാരം പഞ്ചായത്തുകൾക്ക് കൊടുത്തിട്ടുണ്ട്. എല്ലാ മാസവും പെൻഷൻ കൊടുക്കാമെന്ന് കർഷകത്തൊഴിലാളി നേതാക്കളുമായുള്ള ചർച്ചയിൽ ഗവൺമെന്റ് അംഗീകരിച്ചതാണ്. അത് പ്രാവർത്തികമാക്കിയിട്ടുണ്ട്. പക്ഷെ പെൻഷൻ കുടുശ്ശിക കൊടുത്തുതീർക്കാൻ യാതൊരു നിലപാടും സ്വീകരിക്കുന്നില്ല. അതുപോലെതന്നെയാണ് ക്ഷേമനിധിയുടെ കാര്യം. ഏകദേശം 18,53,310 കർഷകത്തൊഴിലാളികൾ ക്ഷേമനിധിയിൽ അംഗങ്ങളാണ്. ക്ഷേമനിധിയിൽ അംഗങ്ങളായ ആളുകൾക്ക് വളരെയധികം ആനുകൂല്യങ്ങൾ നൽകുമെന്ന് നമ്മൾ വാഗ്ദാനം നൽകിയതാണ്. പക്ഷെ ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾ ഇന്ന് അവതാളത്തിലാണ്. ക്ഷേമനിധിയിലേയ്ക്ക് കർഷകത്തൊഴിലാളികൾ കൊടുക്കുന്ന വിഹിതമല്ലാതെ ഒരു ഉടമയിൽ നിന്നോ സർക്കാരിൽ നിന്നോ യാതൊരു തരത്തിലുള്ള വിഹിതവും കൊടുക്കുന്നില്ല എന്നുള്ളതാണ് ഈ ക്ഷേമനിധി നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഭരിക്കുന്ന സമയത്ത് കർഷകത്തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് ഏകദേശം 10 കോടിരൂപ കൊടുക്കാൻ വേണ്ടി ബഡ്ജറ്റിൽ വക കൊള്ളിച്ചിരുന്നു. അന്ന് 5 കോടി രൂപയാണ് കർഷകത്തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് ആകെ കൊടുത്തത്. ആ 5 കോടി രൂപയല്ലാതെ ഇന്നുവരെ ഒരു നയാപൈസ കർഷകത്തൊഴിലാളി ക്ഷേമനിധിയിലേക്ക് സർക്കാർ വിഹിതമായി നൽകിയിട്ടില്ല. കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ നിന്നും തൊഴിലാളികൾക്ക് അതിവർഷാനുകൂല്യവും അതുപോലെ വിവാഹ ധനസഹായം, പ്രസവാനുകൂല്യം, ചികിത്സാ സഹായം, മരണാനന്തര സഹായം എന്നിവയെല്ലാം നൽകേണ്ടതാണ്.ഏകദേശം 68 കോടിയിൽപ്പരം രൂപയാണ് കഴിഞ്ഞ മാർച്ച് മാസംവരെ കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ നിന്നും ആനുകൂല്യങ്ങളായി കർഷകത്തൊഴിലാളികൾക്ക് കിട്ടേണ്ടത്. പക്ഷെ 5 നയാപൈസപോലും കിട്ടുന്നില്ല. അതിവർഷാനുകൂല്യത്തിനായി അപേക്ഷ കൊടുത്തിരിക്കുന്നത് ഏകദേശം 1,59,890 ആളുകളാണ്. അവർക്ക് അതിവർഷാനുകൂല്യം കൊടുക്കുന്നതിന് വേണ്ടിവരുന്നത് ഏകദേശം 58,59,16,000 രൂപയാണ്. അഞ്ച് നയാപൈസ കൊടുത്തിട്ടില്ല. അതുപോലെ വിവാഹധനസഹായം, വിവാഹമൊക്കെ കഴിഞ്ഞിട്ട് വർഷങ്ങളായി കുട്ടികളെ കല്യാണം കഴിപ്പിച്ചു കൊടുക്കാറായി. അവർക്ക് വിവാഹ ധനസഹായ ഇനത്തിൽ കൊടുക്കാനുള്ളത് കോടിക്കണക്കിന് രൂപയാണ്. ഒരു നയാപൈസ

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുന്നില്ല. അതുപോലെ പ്രസവാനുകൂല്യങ്ങൾ, ചികിത്സാ ധനസഹായം, മരണാനന്തര ധനസഹായം ഇതൊന്നുംതന്നെ കൊടുക്കുന്നില്ലെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. കർഷകത്തൊഴിലാളികളുടെ സംഘടന (K S K T U) സെക്രട്ടറിയേറ്റിന് മുന്നിൽ സമരം നടത്തുകയാണ്. അവർ പറയുന്നത് കർഷകത്തൊഴിലാളി പെൻഷൻ വർദ്ധിപ്പിക്കണമെന്നാണ്. കർഷകത്തൊഴിലാളി പെൻഷൻ മിനിമം 250 രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് അവർ സമരം ചെയ്യുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കർഷകത്തൊഴിലാളി പെൻഷൻ 5 നയാപൈസ വർദ്ധിപ്പിച്ചിട്ടില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഭരിക്കുന്ന കാലത്താണ് 120 രൂപയാക്കിയത്. ആ 120 രൂപയിൽ നിന്നും അഞ്ച് നയാപൈസപോലും വർദ്ധിപ്പിച്ചിട്ടില്ല. കർഷകത്തൊഴിലാളി പെൻഷൻ 250 രൂപയാക്കി വർദ്ധിപ്പിക്കണമെന്നാണ് കർഷകത്തൊഴിലാളി സംഘടനകൾ പറയുന്നത്. ഇപ്പോൾ ഭരണകക്ഷിയിലെ കർഷകത്തൊഴിലാളി സംഘടനകളെക്കൊണ്ട് സമരം ചെയ്യിപ്പിക്കുന്നുണ്ട്. എന്തിനാണെന്നറിയില്ല. ഇപ്പോൾ ഈ അവസാന നിമിഷത്തിലാണ്. ഭരണകക്ഷിയുടെ കർഷകത്തൊഴിലാളികളെക്കൊണ്ട് സമരം ചെയ്യിപ്പിക്കാൻ സന്നദ്ധമായിട്ടുള്ളത്. കെ. എസ്. കെ. ടി. യു.-വിന്റെ ആഭിമുഖ്യത്തിലാണ് ഇവിടെ കർഷകത്തൊഴിലാളികൾ വിവിധ ആവശ്യങ്ങൾ നേടിയെടുക്കാൻ വേണ്ടിയുള്ള സമരം നടത്തുന്നത്. കർഷകത്തൊഴിലാളികളുടെ പെൻഷൻ കുടിശ്ശിക തീർത്തുകൊടുക്കുക, ക്ഷേമനിധിയുടെ പ്രവർത്തനം പുനഃസംവിധാനം ചെയ്യുക. ക്ഷേമനിധിയുടെ ആനുകൂല്യങ്ങളെല്ലാംതന്നെ സമയബന്ധിതമായി കൊടുത്തു തീർക്കാനുള്ള ബഡ്ജറ്ററി സപ്പോർട്ട് ഗവൺമെന്റിന് നൽകുക. അതുപോലെതന്നെ പെൻഷൻ തുക വർദ്ധിപ്പിക്കുക. തുടങ്ങിയ ആവശ്യങ്ങളാണ് അവർ ഉന്നയിക്കുന്നത്. പെൻഷൻ വർദ്ധിപ്പിക്കുന്നതോടൊപ്പംതന്നെ പഞ്ചായത്തുകൾക്ക് ആവശ്യമായ പണം നൽകണം. കർഷകത്തൊഴിലാളികൾ ഇപ്പോൾ പഞ്ചായത്തുകൾക്കെതിരായുള്ള സമരത്തിലേയ്ക്ക് നീങ്ങുകയാണ്. കാരണം പഞ്ചായത്താണ് പൈസ കൊടുക്കേണ്ടത്. എന്നാൽ കർഷകത്തൊഴിലാളികൾക്ക് കൊടുക്കാനുള്ള പൈസ ഗവൺമെന്റ് പഞ്ചായത്തുകൾക്ക് കൊടുക്കുന്നുമില്ല. അപ്പോൾ പഞ്ചായത്തുകൾക്കെതിരായി കർഷകത്തൊഴിലാളികളെ തിരിച്ചുവിടാനുള്ള ബോധപൂർവ്വമായിട്ടുള്ള ശ്രമം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ട്. മാസാമാസം കർഷകത്തൊഴിലാളി പെൻഷൻ കൊടുക്കാൻ തീരുമാനിച്ചതിനെ ഞങ്ങൾ അംഗീകരിക്കുന്നു. അത് നല്ല കാര്യമാണ്. പക്ഷേ കുടിശ്ശിക ഏകദേശം 27 മാസത്തേതുണ്ട്. ആ കർഷകത്തൊഴിലാളി പെൻഷൻ കൊടുത്തു തീർക്കുക, അതുപോലെ ക്ഷേമനിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾക്ക് 5 കോടി രൂപയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ക്ഷേമനിധി ബോർഡിന് കൊടുത്തിട്ടുള്ളത്. ആ ബോർഡിന്റെ പ്രവർത്തനം സുഗമമാക്കുന്നതിന് ഗവൺമെന്റിന്റെ ബഡ്ജറ്ററി സപ്പോർട്ട് അത്യാവശ്യമാണ്. ഇപ്പോൾ 177 കോടിയിൽപ്പരം രൂപ വിവിധ ആനുകൂല്യങ്ങൾക്കായി കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ നിന്നും കൊടുക്കാനുണ്ട്. കർഷകത്തൊഴിലാളികളിൽ നിന്നും 5 രൂപ മാത്രമാണ് വിഹിതമായി പിരിക്കുന്നത്. ഇപ്പോൾ ക്ഷേമനിധിയിലെ ഉദ്യോഗസ്ഥർക്ക്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശമ്പളം കൊടുക്കുന്നതുപോലും ഈ പാവപ്പെട്ട കർഷകത്തൊഴിലാളികളിൽനിന്നും പിരിച്ചെടുത്ത പൈസ കൊണ്ടാണ്. അതുകൊണ്ട് ഭൂവുടമാ വിഹിതം കൊടുപ്പിക്കാനും സർക്കാരിന്റെ വിഹിതം കൊടുക്കാനും ഗവൺമെന്റ് തയ്യാറായാൽ ഈ ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ കഴിയും. നമ്മുടെ സമ്പത്ത് മുഴുവൻ ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടി പണിയെടുക്കുന്നത് ഈ പാവപ്പെട്ട കർഷകത്തൊഴിലാളികളാണ്. അവരുടെ താൽപ്പര്യം സംരക്ഷിക്കാൻവേണ്ടി യാതൊരു നിലപാടും സ്വീകരിക്കാതെ ഈ ഗവൺമെന്റ് മുന്നോട്ടു പോവുകയാണ്. മറ്റു പല കാര്യങ്ങൾക്കുംവേണ്ടി എത്ര കോടി രൂപയാണ് നമ്മൾ ചെലവഴിക്കുന്നത്? എത്ര കോടി രൂപ കടം വരുത്തി? ഈ പാവപ്പെട്ട കർഷകത്തൊഴിലാളികൾക്ക് വേണ്ടി പത്തോ, നൂറോ, നൂറ്റമ്പതോ കോടി രൂപ കൊടുക്കുകയാണെങ്കിൽ അവരുടെ ക്ഷേമനിധിയും പെൻഷനും മറ്റ് ആനുകൂല്യങ്ങളുമെല്ലാംതന്നെ കൊടുക്കാൻ കഴിയും. അതിന് ഗവൺമെന്റ് തയ്യാറാകണം. ക്ഷേമനിധി ആനുകൂല്യങ്ങളും പെൻഷനുമൊക്കെത്തന്നെ ഈ പാവപ്പെട്ട ആളുകൾക്ക് സമയബന്ധിതമായി കൊടുത്തു തീർക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്.

തൊഴിൽ വകുപ്പ് മന്ത്രി ശ്രീ. ബാബു ദിവാകരൻ : സർ, ബഹുമാനപ്പെട്ട കെ രാധാകൃഷ്ണൻ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിമൂലം തകരാണിലാണെന്നുള്ള കാര്യത്തിൽ ഒരു തർക്കവുമില്ല. അതിനുള്ള കാരണങ്ങളുമുണ്ട്. ഇപ്പോൾ 5,63,987 പേർക്ക് പെൻഷൻ കൊടുക്കുന്നു. ഒരു വർഷത്തെ അതിന്റെ കമ്മിറ്റ്മെന്റ് 80 കോടി രൂപയാണ്. ഈ വർഷത്തെ ബഡ്ജറ്റിൽ 80 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനകം 74 കോടി രൂപ വിതരണം ചെയ്തു കഴിഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2001-2002-ലെ ബഡ്ജറ്റിൽ 37 കോടി രൂപയും 2002-2003-ൽ 37 കോടി രൂപയും അനുവദിച്ചിരുന്നു. ആ വർഷം 37കോടി രൂപ വകയിരുത്തിയ സ്ഥാനത്ത് 57 കോടി രൂപ കൊടുത്തു. . അടുത്ത വർഷം 37 കോടി രൂപയാണ് വകയിരുത്തിയതെങ്കിലും 42 കോടി രൂപ കൊടുത്തു. 2004-2005-ൽ 44 കോടി രൂപ വകയിരുത്തിയിരുന്നു. എന്നാൽ 58 കോടി രൂപ കൊടുത്തു. ഈ വർഷത്തെ ബഡ്ജറ്റിൽ 80 കോടി രൂപ വകയിരുത്തിയിരുന്നു. 74 കോടി രൂപ ഇതിനകം കൊടുത്തു കഴിഞ്ഞു.

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 55 മാസത്തിനിടയ്ക്ക് 44 മാസത്തെ പെൻഷൻ കൊടുത്തുകഴിഞ്ഞു. കുറച്ച് കുടിശ്ശിക നേരത്തേയുണ്ടായിരുന്നു. ആ കുടിശ്ശിക ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ഒരു ഗഡു മാർച്ച് 31-ന് മുമ്പ് കൊടുക്കാൻ ഗവൺമെന്റ് ശ്രമിക്കുകയാണ്. ഇതിനകം 269 കോടി രൂപ പെൻഷൻ വിതരണത്തിനുവേണ്ടി മാത്രം ചെലവാക്കിയിട്ടുണ്ട്. ഇത് ഗവൺമെന്റിൽ നിന്നും നേരിട്ട് കൊടുക്കുന്ന പെൻഷനായതുകൊണ്ട് കൊടുക്കാൻ കഴിയും. ഒരു വർഷത്തെ ബോർഡിന്റെ വരുമാനം ഏഴരക്കോടി രൂപയാണ്. അതിവർഷാനുകൂല്യം ഒഴിച്ചുള്ള

ആനുകൂല്യങ്ങൾ കൊടുക്കുന്നതിനുവേണ്ടി മാത്രം കുറഞ്ഞത് പതിനാലു-പതിനഞ്ചു കോടി രൂപവേണം. ഒരുവർഷത്തെ വരുമാനമെന്ന് പറയുന്നത് ഏഴരക്കോടി രൂപയാണ്. ഭൂ ഉടമാവിഹിതം കഴിഞ്ഞ വർഷങ്ങളിൽ എല്ലാവരിൽനിന്നും പിരിച്ചിട്ടുണ്ട്. ഭൂ ഉടമാവിഹിതം പിരിക്കാൻ ബുദ്ധിമുട്ടുണ്ട്. കർഷകരെല്ലാം കുഴപ്പത്തിലാണ്. കർഷകസംഘടനാ പ്രതിനിധികളുമായി ഞാൻ വിശദമായി ഇക്കാര്യം ചർച്ച ചെയ്തതാണ്. ഭൂ ഉടമാവിഹിതം വർദ്ധിപ്പിക്കണമെന്നു പറഞ്ഞു. ഒരു കാരണവശാലും അവർ അതിനു സമ്മതിക്കില്ല. മാത്രവുമല്ല കർഷകരുടെ പ്രശ്നങ്ങൾ കാരണം ഇതൊന്നും പിരിക്കാൻ കഴിയുന്നില്ല എന്നാണ് അവർ എടുത്തിരിക്കുന്ന നിലപാട്. അതിവർഷാനുകൂല്യം 65 കോടി രൂപയുടെ കുടിശ്ശികയാണ് ഇപ്പോൾ കൊടുക്കാനുള്ളത്. ഇതിന്റെ ഒരു പ്രത്യേകത, ഇവിടെ വരവും ചെലവും ഒന്നും നോക്കാതെ അങ്ങനെയൊരു ആനുകൂല്യം പ്രഖ്യാപിച്ചു. രണ്ടു വർഷമെങ്കിലും ബോർഡിൽ അംഗമായിരുന്ന ഒരു കർഷകത്തൊഴിലാളി പിരിഞ്ഞുപോയാൽ, അയാൾക്ക് അയ്യായിരം രൂപ കൊടുക്കണം. 53-ഉം 54-ഉം വയസ്സുള്ള കർഷകരാണ് ഇതിൽ അംഗങ്ങളായി വരുന്നത്. ഒരുമിച്ച് അഞ്ചും ആറും ലക്ഷം പേർക്ക് ഇതിന്റെ ആനുകൂല്യങ്ങൾ കൊടുക്കേണ്ടിവരുന്നു. അയ്യായിരം രൂപവെച്ച് അഞ്ചു ലക്ഷം പേർക്ക് കൊടുക്കേണ്ടി വരുമ്പോൾ വലിയ തുക വരും. അവർ ആകെ ഈ ബോർഡിലേയ്ക്ക് അടയ്ക്കുന്നത് ഒരു വർഷം 60 രൂപയാണ്. അവർക്ക് കൊടുക്കേണ്ടിവരുന്നത് അയ്യായിരം രൂപയും. ഇതിനിടയ്ക്കുള്ള ഗ്യാപ്പ് എങ്ങനെ ഫിൽ ചെയ്യണമെന്ന് ഈ സംവിധാനം ഒരുക്കിയവർ ഓർത്തില്ല. ഒരു ചിന്തയുമില്ലാതെ കൊണ്ടു വന്നതാണ്. ഇപ്പോൾ അതിവർഷാനുകൂല്യം കൊടുക്കാൻ കഴിയുന്നില്ല. അതിനുവേണ്ടി മാത്രം 65 കോടി രൂപ വേണ്ടിവരും. ഞാനിപ്പോൾ ചെയ്തത്, അതിവർഷാനുകൂല്യം അവിടെ നിർത്തിയിട്ട് മറ്റുള്ള ആനുകൂല്യങ്ങൾ കറന്റായി കൊടുത്തു. പ്രസവാനുകൂല്യം കുറച്ചു കൂടുതൽ കൊടുക്കേണ്ടിവരും. 16 ലക്ഷം അപേക്ഷകൾ ഉണ്ട്. ഒരു വർഷം പ്രസവാനുകൂല്യത്തിനുവേണ്ടി രണ്ടുമൂന്നു ലക്ഷം പേർ അപേക്ഷിക്കാറുണ്ട്. അപേക്ഷകൾ കെട്ടിക്കിടക്കുകയാണ്. ഇപ്പോൾ പത്തുകോടി രൂപയുടെ പ്രസവാനുകൂല്യം കൊടുക്കാനുണ്ട്. ആയിരം രൂപ വെച്ചാണ് കൊടുക്കുന്നത്. അങ്ങനെയാകുമ്പോൾ എത്ര രൂപ കൊടുക്കാനുണ്ടെന്ന് നിങ്ങൾ ആലോചിച്ച് നോക്കണം. ബോർഡിന് ഒരു രൂപവുമില്ല, ആനുകൂല്യങ്ങൾ കൊടുക്കുകയും വേണം. ഇത് രണ്ടും തമ്മിൽ പൊരുത്തപ്പെട്ടു പോകാൻ കഴിയുന്നുമില്ല. ഒന്നുകിൽ ഭൂഉടമാ വിഹിതം വർദ്ധിപ്പിക്കണം. അതിനെ കർഷകർ എതിർക്കുകയാണ്. അല്ലെങ്കിൽ കർഷകത്തൊഴിലാളികൾ അടയ്ക്കേണ്ട വിഹിതം വർദ്ധിപ്പിക്കണം. കർഷകത്തൊഴിലാളികളുടെ വിഹിതം വർദ്ധിപ്പിക്കാമെന്ന് അവർ സമ്മതിക്കുന്നുണ്ട്. അതിനുള്ള ഒരു ബിൽ നിയമസഭയുടെ പരിഗണനയിലുണ്ട്. അതുകൊണ്ടും പ്രശ്നം പരിഹരിക്കാൻ പറ്റുന്നില്ല. പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് അവരെ സഹായിക്കുവാൻ ശ്രമിക്കുന്നതാണ്. മറ്റാനുകൂല്യങ്ങളെല്ലാം കറന്റായി കൊടുക്കും. അതിവർഷാനുകൂല്യങ്ങൾ കൊടുക്കുന്നതുകൊണ്ട് മറ്റാനുകൂല്യങ്ങൾ എല്ലാം നിർത്തിവയ്ക്കേണ്ട സ്ഥിതി വന്നപ്പോൾ ഞാൻ പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

അതികവർഷാനുകൂല്യം അങ്ങനെ നിൽക്കട്ടെ, ബാക്കിഎല്ലാം ഇപ്പോൾ കൊടുക്കാം എന്ന്. അതൊന്നും കൊടുക്കില്ല എന്നല്ല, കിട്ടുന്ന തുക എത്രയാണോ അത്രയും രൂപ നമ്മൾ ചെലവാക്കികൊണ്ടിരിക്കുന്നു. ബഡ്ജറ്റിൽ നിന്നും ഓരോ വർഷവും പത്തി നഞ്ചും ഇരുപതും കോടി രൂപ അഡീഷണലായി വാങ്ങുന്നുണ്ട്. ഇപ്പോൾ നമ്മൾ ചെയ്തുകൊണ്ടിരിക്കുന്നത്, 27 മാസം വരെയൊക്കെ കുറെ കുടിശ്ശികയാകുന്നു. അപ്പോൾ മുന്ന്, നാല് മാസത്തത് കൊടുക്കും. ഒക്ടോബർ മാസം മുതൽ മാസാമാസം ഈ പെൻഷൻ കൊടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

ഈ വർഷവും ബഡ്ജറ്റിൽ വകകൊള്ളിച്ചതിനേക്കാൾ കൂടുതലായി ചെലവാക്കിയിട്ടുണ്ട്. കർഷകത്തൊഴിലാളികൾക്ക് 27 മാസത്തെ കുടിശ്ശികയുണ്ട്. സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ഇതിൽ എന്തുചെയ്യാൻ കഴിയും എന്നുള്ള കാര്യം ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. മാർച്ച് മാസം 31-ന് മുമ്പ് ഒരു ഗഡു കൂടി കൊടുക്കാൻ കഴിയുമോ എന്ന് പരിശോധിക്കുന്നതാണ്.

<u>ശ്രീ. കെ. രാധാകൃഷ്ണൻ:</u> ക്ഷേമനിധി ബോർഡിന് ബഡ്ജറ്ററി സപ്പോർട്ട് കൊടുക്കുമോ എന്ന് ചോദിച്ചിരുന്നു. എന്റെ രണ്ടാമത്തെ ചോദ്യം കർഷകത്തൊഴിലാളി പെൻഷൻ കഴിഞ്ഞ 5 വർഷമായിട്ട് വർദ്ധിപ്പിച്ചിട്ടില്ല. അത് വർദ്ധിക്കണമെന്നാണ് എല്ലാ സംഘടനകളും ആവശ്യപ്പെടുന്നത്. കുറഞ്ഞത് 200 രൂപയെങ്കിലുമായി വർദ്ധിപ്പിക്കണമെ ന്നതാണ് അവരുടെ ആവശ്യം. കുടിശ്ശികയുണ്ടെങ്കിലും അത് വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ബാബു ദിവാകരൻ:</u> 2003-ൽ 29 കോടി രൂപ അധികം തന്നു. 2003-2004-ൽ നാല് കോടി എൺപത് ലക്ഷം രൂപ അധികം തന്നു. 2004-2005-ൽ 19 കോടി രൂപ അധികം തന്നു. എല്ലാം ബഡ്ജറ്ററി സപ്പോർട്ടാണ്. ബോഡിന്റെ പ്രവർത്തനങ്ങൾക്ക് ഈ വർഷത്തെ ബഡ്ജറ്റിലേയ്ക്ക് ഒരു കോടിയോളം രൂപ നീക്കിവച്ചിട്ടുണ്ട്. അത് നേടിയെടുക്കാൻ നമ്മൾ ശ്രമിക്കുകയാണ്. ഇങ്ങനെ പ്രയാസപ്പെട്ടിരിക്കുന്ന ഒരു സാഹചര്യത്തിൽ പെൻഷൻ വർദ്ധിപ്പിക്കുക എന്നു പറയുമ്പോൾ, തൊഴിലാളികളോടുള്ള ബാദ്ധ്യത ഏറ്റെടുക്കാം എന്നതിൽ കവിഞ്ഞ് അത് കൊടുക്കാൻ കഴിയില്ല. ഈ കുടിശ്ശിക കൊടുത്ത് തീർത്തിട്ട് പെൻഷൻ കൂട്ടുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാ യിരിക്കും നല്ലത് എന്നാണ് എന്റെ അഭിപ്രായം.

(2) കൊച്ചി നഗരത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കേണ്ടതിന്റെ ആവശ്യകത

<u>പ്രൊ. കെ. വി. തോമസ്:</u> സർ, കൊച്ചി നഗരം കഴിഞ്ഞ 25 വർഷത്തിനുള്ളിൽ ഏറ്റവും രൂക്ഷമായ കുടിവെള്ള പ്രശ്നത്തിലൂടെ കടന്നുപോകുയാണ്. ഞങ്ങൾ നാലു പേരാണ് കൊച്ചി നഗരത്തെ പ്രതിധാനം ചെയ്യുന്നത് ഞാനും ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞും. ശ്രീ. ഡൊമനിക് പ്രസന്റേഷനും, ശ്രീ. കെ. ബാബുവും. ഈ ഒരു

LIBRARY ARCHIVES Kerala Legislative Assembly